ഉത്തരം

(എ) 3000 കിലോ സ്ക്രാപ്പ്.

(ബി&സി) മുഴുവനും സൗജന്യമായാണ് നൽകിയത്.

(ഡി) ഇതിന്റെ മാർക്കറ്റ് വില ഏകദേശം 2.8 ലക്ഷം രൂപയായിരുന്നു.

(ഇ) പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിന്റെ അപേക്ഷ പ്രകാരമാണ് നൽകിയത്.

കെ.എസ്.ഇ.ബി.യിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർ

80 (1232) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട എത്രപേർ ഇപ്പോൾ സംസ്ഥാന വൈദ്യുതി ബോർഡിൽ ജോലിയിലുണ്ട് ;

(ബി) ഇവർ എന്നു മുതൽ നിയമിക്കപ്പെട്ടവരാണ് ; ഇവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണോ നിയമിച്ചത് ;

(സി) കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടതും ഇപ്പോൾ തുടർന്ന് വരുന്നവരുമായ ജീവനക്കാരുടെ ജാതി തിരിച്ചുള്ള പട്ടിക മേശപ്പുറത്ത് വയ്ക്കുമോ ;

(ഡി) ഇപ്പോൾ വൈദ്യുതി ബോർഡ് സർവ്വീസിൽ തുടരുന്ന കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർ ഏതെല്ലാം പോസ്റ്റുകളിലാണ് നിയമിക്കപ്പെട്ടതെന്നും അവരുടെ ശമ്പള സ്കെയിൽ എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

ബ്രഹ്മപുരം, കോഴിക്കോട് താപവൈദ്യുതി നിലയങ്ങളുടെ പ്രവർത്തനം

81 (1233) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ബാലറാം :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രഹ്മപുരം കോഴിക്കോട് താപവൈദ്യുതി നിലയങ്ങളുടെ പ്രതിദിന സ്ഥാപിതശേഷി എത്ര വീതമാണ് ;

(ബി) ഈ നിലയങ്ങൾ ഓരോന്നും കമ്മീഷൻ ചെയ്തശേഷം ഇതുവരെ എത്ര യൂണിറ്റ് വൈദ്യുതി വീതം ഉല്പാദിപ്പിച്ചിട്ടുണ്ടെന്നും ആയത് അവയുടെ സ്ഥാപിതശേഷിയുടെ എത്ര ശതമാനം വീതമാണെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ നിലയങ്ങൾ ഓരോന്നിന്റെയും നിർമ്മാണച്ചെലവെത്ര വീതമാണ് ;

(ഡി) ഇവയുടെ നിർമ്മാണച്ചെലവിനെടുത്തിട്ടുള്ള വായ്പയുടെ തിരിച്ചടവിന് പ്രതിവർഷം എന്തു തുക വീതം വേണമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇവയുടെ നിർമ്മാണച്ചെലവിനെടുത്ത വായ്പയുടെ പലിശ അടയ്ക്കുന്നതിന് പ്രതിവർഷം എന്തു തുക വേണം ;

(എഫ്) ഇവയുടെ നിർമ്മാണച്ചെലവിനും പലിശയ്ക്കും അടയ്ക്കേണ്ട തുക, ഇന്ധനച്ചെലവ്, ഓവർഹെഡ്ച്ചെലവ്, ശമ്പളച്ചെലവ് എന്നിവ കണക്കാക്കുമ്പോൾ ഈ ഓരോ താപനിലയത്തിലും ഇതുവരെ ഉല്പാദിപ്പിച്ചിട്ടുള്ള ഒരു യൂണിറ്റ് വൈദ്യുതിക്ക് എന്തു വില വരും ;

(ജി) ഈ വൈദ്യുതി ഡിസ്ട്രിബ്യൂഷൻ എൻഡിൽ വരുമ്പോൾ അതിന്റെ വിലയെന്താകും ?

ഉത്തരം

(എ) ബ്രഹ്മപുരം താപനിലയത്തിന്റെ സ്ഥാപിതശേഷി 106.6 മെഗാവാട്ടും കോഴിക്കോട് താപനിലയത്തിന്റെ സ്ഥാപിതശേഷി 128 മെഗാവാട്ടും ആണ്.

(ബി) ബ്രഹ്മപുരം വൈദ്യുതനിലയത്തിൽ നിന്നും 1051.8 മി.യൂണിറ്റ് വൈദ്യുതിയും കോഴിക്കോട് നിലയത്തിൽ നിന്നും 597.85 മി.യൂണിറ്റ് വൈദ്യുതിയും ഉല്പാദിപ്പിച്ചിട്ടുണ്ട്. ഇവ യഥാക്രമം 44.2 ഉം 37.67 ഉം പ്ലാന്റ് ലോഡ് ഫാക്ടറിൽ ഉള്ള ഉല്പാദനം ആണ്. ഈ നിലയങ്ങളിൽ നിന്നുമുള്ള വൈദ്യുതി പീക്ലോഡ് സമയങ്ങളിലാണ് സാധാരണയായി ഉപയോഗിക്കുന്നത്. വൈദ്യുതി കൂടുതലായി ആവശ്യമില്ലാത്ത മറ്റു സമയങ്ങളിൽ ജലവൈദ്യുത പദ്ധതികളിൽ നിന്നുമുള്ള വൈദ്യുതി ഉപയോഗിക്കുകയാണ് പതിവ്.

(സി) ബ്രഹ്മപുരം - 436.90 കോടി രൂപ (പലിശ കൂടാതെ)
കോഴിക്കോട് - 380 കോടി രൂപ (പലിശ കൂടാതെ)

(ഡി) ബ്രഹ്മപുരത്തിന്റെ നിർമ്മാണ ചെലവിനെടുത്തിട്ടുള്ള വായ്പയുടെ തിരിച്ചടവിന് പ്രതിവർഷം ശരാശരി 24.6 കോടി രൂപയും കോഴിക്കോട് നിലയത്തിന്റെ നിർമ്മാണത്തിനെടുത്ത വായ്പയുടെ തിരിച്ചടവിന് പ്രതിവർഷം 12.50 കോടി രൂപയും വേണം.

(ഇ) ബ്രഹ്മപുരത്തിന്റെ നിർമ്മാണ വായ്പയ്ക്ക് പ്രതിവർഷം പലിശ ഇനത്തിൽ 25.68 കോടി രൂപ (ശരാശരി) നാളിതുവരെ നൽകിയിട്ടുണ്ട്. മുതൽ അടയ്ക്കുന്ന മുറയ്ക്ക് പലിശ തുകയിൽ കുറവ് വരുന്നതാണ്. കോഴിക്കോട് നിലയത്തിന്റെ നിർമ്മാണ വായ്പയ്ക്ക് പലിശ ഇനത്തിൽ 35.95 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഈ പലിശ തുക ഏതാനും മാസങ്ങളിലേക്കുള്ളതാണ്. 1999-2000-ലെ കണക്ക് പൂർത്തിയായാലെ കൃത്യമായ പലിശ കണക്കാക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ബ്രഹ്മപുരത്തിൽ നിന്നുമുള്ള വൈദ്യുതിക്ക് യൂണിറ്റൊന്നിന് 3.43 രൂപയും കോഴിക്കോട് നിലയത്തിൽ നിന്നുമുള്ള വൈദ്യുതിക്ക് യൂണിറ്റൊന്നിന് 3.27 രൂപയും വില വരും.

(ജി) ബ്രഹ്മപുരത്തിൽ നിന്നുമുള്ള വൈദ്യുതി കൊച്ചിയിലെ വ്യവസായ മേഖലയിൽ തന്നെ വിതരണം നടത്താൻ കഴിയുമെന്നുള്ളതുകൊണ്ടും കോഴിക്കോട് താപനിലയത്തിൽ നിന്നുമുള്ള വൈദ്യുതി കോഴിക്കോട് പ്രദേശത്ത് തന്നെ വിതരണം ചെയ്യാൻ കഴിയുമെന്നുള്ളതുകൊണ്ടും പ്രസരണ വിതരണ ചെലവിനത്തിൽ വരുന്ന തുക നാമമാത്രമാണ്. ആയതിനാൽ ഡിസ്ട്രിബ്യൂഷൻ എൻഡിൽ വരുമ്പോൾ ഒരു യൂണിറ്റ് വൈദ്യുതിയുടെ വിലയിൽ ഉൽപ്പാദന ചെലവിൽ നിന്നും വലിയ വർദ്ധനവ് പ്രതീക്ഷിക്കുന്നില്ല.

ആതിരപ്പള്ളി ജലവൈദ്യുത പദ്ധതി

82 (1234) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിക്ക് ആവശ്യമായ അനുമതി കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിക്ക് ഇനിയും എന്തെങ്കിലും അനുമതി കിട്ടാനുണ്ടോ ;

(സി) ഇല്ലാത്തപക്ഷം ഈ പദ്ധതിയുടെ പണിയാരംഭിക്കുന്നതിൽ കാലതാമസം വരുത്തിയതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതിയുടെ പണിയെന്നാരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ എൻവയോൺമെന്റൽ ക്ലിയറൻസ് 1998 ജനുവരി 20-നും ഫോറസ്റ്റ് ക്ലിയറൻസ് 4-2-2000-ലും ലഭിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ നിർമ്മാണം തുടങ്ങുന്നതിനാവശ്യമായ എൻവയോൺമെന്റൽ ക്ലിയറൻസും ഫോറസ്റ്റ് ക്ലിയറൻസും ലഭിച്ചിട്ടുണ്ട്.

(സി&ഡി) പദ്ധതിയുടെ നിർമ്മാണം സംബന്ധിച്ച കരാർ നൽകുന്നത് ഹൈക്കോടതി ഒ.പി.നമ്പർ 1774/2001 പ്രകാരം തടഞ്ഞിരിക്കുകയാണ്. കേസിന്റെ അവസാന തീരുമാനം ലഭിക്കുന്നതനുസരിച്ച് മാത്രമേ ജോലികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

പായിപ്പാട് പ്രദേശത്തെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീമുകൾ

83 (1235) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly